ലബോറട്ടറികളിൽ പരിശോധിച്ച ഗുണനിലവാരം ഉറപ്പുവരുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം സമർപ്പിക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന മരുന്നുകളുടെ 10 ശതമാനം റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമെ ഡ്രഗ്സ് കൺട്രോൾ വകുപ്പും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കൂടാതെ അടിയന്തര സന്ദർഭങ്ങളിൽ ഏതെങ്കിലും കാരണങ്ങളാൽ (വിതരണക്കാരെ ലഭിക്കാതെയോ, യഥാസമയം വിതരണം നടത്താതെയോ വരുന്ന സാഹചര്യങ്ങളിൽ) അവശ്യമരുന്നുകളുടെ ലഭ്യതകുറവ് അനുഭവപ്പെട്ടാൽ കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിതലത്തിൽതന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനും സർക്കാർതലത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മരുന്നുവില നിയന്ത്രണം

121 (813) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മരുന്നുവില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ?

ഉത്തരം

കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ് (NPPA) മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരമുള്ളത്. മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് യാതൊരുവിധ അധികാരവും നിലവിലില്ല. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിക്കുന്ന വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾവകുപ്പ് ചെയ്തുവരുന്നത്. നിലവിലുണ്ടായിരുന്ന ഔഷധ നയമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 1995 പ്രകാരം 74 ഇനം മരുന്നുകളും അവ ചേരുവയായിട്ടുള്ള വിവിധ ഫോർമുലേഷനുകളും മാത്രമാണ് 2011 വരെ കേന്ദ്ര സർക്കാർ ജീവൻരക്ഷാ മരുന്നുകളായി കണക്കാക്കി നിർമ്മാണ ചെലവ് അധിഷ്ഠിത വില നിർണ്ണയരീതി (Cost based) അനുസരിച്ച് വില നിശ്ചയിച്ചുറപ്പിച്ചിരുന്നത്. ഈ പട്ടികയിൽ ഉൾപ്പെടാത്ത ഔഷധങ്ങൾക്കെല്ലാം തന്നെ നിർമ്മാതാക്കൾക്ക് വില നിശ്ചയിച്ച് വിപണിയിൽ ഇറക്കാൻ സ്വാതന്ത്ര്യം ഉള്ളതിനാൽ പല നിർമ്മാതാക്കളും നിർമ്മിക്കുന്ന ഒരേ മരുന്നിന് ഗണ്യമായ വില

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യാസം കണ്ടുവന്നിരുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. ടി അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായും രാജ്യത്ത് ലഭ്യമാകുന്ന ശ്രദ്ധാഭാഗം മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിനായും നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽ (NLEM) ഭേദഗതി ചെയ്ത് 348 ഇനം മരുന്നുകൾ ഉൾപ്പെടുത്തി പുതിയ ഔഷധ നയം ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013 പ്രകാരം വിപണി അധിഷ്ഠിത വില നിർണ്ണയ രീതി (Market based) അനുസരിച്ച് പ്രസ്തുത മരുന്നുകളുടെ വില നിശ്ചയിച്ചുപ്പിക്കുവാൻ തീരുമാനിക്കുകയും ഇതിൽ 85% മരുന്നുകളുടെയും (298 എണ്ണം) വില നിയന്ത്രണം പ്രാബല്യത്തിൽ വരികയും ബാക്കി 50 മരുന്നുകളുടെയും അവയുടെ വിവിധ ഫോർമുലേഷനുകളുടെയും വില ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിലേയ്ക്കായുള്ള നടപടികൾ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ചെയ്തുവരുന്നു. പുതിയ ഔഷധ നയം ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013-ലെ 19-മത്തെ ഖണ്ഡിക പ്രകാരം പൊതുജന താൽപ്പര്യപ്രകാരം അവശ്യമരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (Non scheduled formulation) വില നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. ഇതിൻപ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ചില മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇന്റർ ബ്രാൻഡ് പ്രൈസ് വേരിയേഷൻ അധികമായി കണ്ടിട്ടുള്ള 108 മരുന്നുകളുടെ വില നിശ്ചയിക്കുകയും ചെയ്തു. ഈ 108 മരുന്നുകളുടെ വിലനിയന്ത്രണം കേന്ദ്ര സർക്കാർ പിൻവലിച്ചു എന്ന വാർത്തയെ തുടർന്ന് ആരോഗ്യ ദേവസ്വം മന്ത്രി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രിക്ക് കത്ത് എഴുതുകയും ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. മരുന്ന് വില സംബന്ധിച്ച കാര്യങ്ങളുടെ ചുമതലയുള്ള കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പുമന്ത്രി ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ 108 മരുന്നുകളിൽ രണ്ട് മരുന്നുകൾ മുൻപ് നിശ്ചയിച്ച ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ അത് മാത്രമേ പിൻവലിച്ചിട്ടുള്ളൂ എന്നും ബാക്കി 106 മരുന്നുകളുടെ വില നിയന്ത്രണം പിൻവലിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

മരുന്നുവില നിയന്ത്രണം

122 (814) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മരുന്നുവില നിയന്ത്രണത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ഇതിലൂടെ നേട്ടം കൈവരിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ?